Draft #2 of File 115/02/CMS/2018/Admn. Approved by ASSISTANT REGISTRAR V (ADMINISTRATION) on 25-Nov-2019 03:56 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയുടെ ഉന്നതാധികാര സമിതികൾ ആയ സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ, സെനറ്റ് എന്നീ യോഗങ്ങളുടെ തീരുമാനങ്ങൾ അംഗീകാരം ലഭിക്കുന്ന ഉടൻതന്നെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാനുള്ള സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ**

നമ്പർ. 5938/CMS/2019/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 25.11.2019

---

പരാമർശം:-(1). സർക്കാർ ഉത്തരവ് നമ്പർ :1352/2018/ഉ.വി.വ., തീയതി 09.07.2018.
(2). 16.11.2019 ൽ കൂടിയ സിൻഡിക്കേറ്റ് (19.10) യോഗത്തിൻറെ തീരുമാനം, ഐറ്റം നമ്പർ :102/19.10/DDFS -115/2018.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ചും, വരുത്തേണ്ട മാറ്റങ്ങളെ കുറിച്ചും, കൈകാര്യം ചെയ്യേണ്ട രീതിയെക്കുറിച്ചും വിശദമായ നിർദേശം സർവകലാശാലക്ക് നൽകിയിട്ടുണ്ട്. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒന്നൊഴിച്ച് മറ്റ് എല്ലാ കാര്യങ്ങളും ഇതിനോടകംതന്നെ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

എന്നാൽ സർവകലാശാലയിൽ നയപരമായും, ഭരണ പരമായും തീരുമാനങ്ങൾ കൈക്കൊള്ളുന്ന സമിതികളുടെ തീരുമാനങ്ങൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടൻതന്നെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കണം എന്ന് ടി ഉത്തരവിൽ നിർദേശിച്ചത് പ്രകാരം, ഇതിൽ തീരുമാനം കൈകൊള്ളുവാൻ വൈസ് ചാൻസലരുടെ അനുമതിയോടെ സിൻഡിക്കേറ്റ് യോഗത്തിലേക്ക്സമർപ്പിക്കുകയുണ്ടായി.

സർവകലാശാലയുടെ ഭരണ, അക്കാഡമിക് തലങ്ങളിലെ ഉന്നതാധികാര സമിതികൾ ആയ സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ, സെനറ്റ് എന്നീ യോഗങ്ങളുടെ തീരുമാനങ്ങൾ, അംഗീകാരം ലഭിക്കുന്ന ഉടൻതന്നെ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പോൾ വർഗീസ്

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

വൈസ് ചാൻസലരുടെയും, പ്രൊ വൈസ് ചാൻസലരുടെയും പി.എസ്. മാർ.
രജിസ്ട്രാർ, കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ.
എ.സി.സി.-1 & 2/CITAD/CETEX/IQAC/പി.ആർ.ഒ./റെക്കോർഡ്സ്.
സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 115/02/CMS/2018/Admn. Approved by ASSISTANT REGISTRAR V (ADMINISTRATION) on 25-Nov-2019 03:56 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം